പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1619 — 15/02/2016 ൽ മറുപടിക്ക്

## കടുത്തുരുത്തി വെറ്ററിനറി പോളി ക്ലിനിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്: | കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി). |
| എ) കടുത്തുരുത്തി വെറ്ററിനറി പോളി ക്ലിനിക്കിന് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;<br><br>ബി) ഇത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന എഎച്ച് സി2/9889/2013 ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത ഫയലിലെ നടപടികൾ ഏത് ഘട്ടത്തിലാണ്;<br><br>സി) മൃഗസംരക്ഷണ വകുപ്പ് പുതിയ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | **എ)യും ബി)യും സി)യും**<br><br>കടുത്തുരുത്തി വെറ്ററിനറി പോളി ക്ലിനിക്കിന് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഫയൽ (**ഫയൽ നം. 9889/എ.എച്ച്.ജി.2/2013/കൃഷി**) ധനകാര്യ വകുപ്പിലേക്കയക്കുകയും സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പുതിയ തസ്തികകൾ ഒന്നും ടി സാമ്പത്തിക വർഷം സൃഷ്ടിക്കേണ്ട എന്ന തീരുമാനത്തിന്റെ വെളിച്ചത്തിൽ ശുപാർശ തല്ക്കാലം പരിഗണിക്കാനാവില്ല എന്ന് തീരുമാനിക്കുകയും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് പുതുക്കിയ പ്രൊപ്പോസൽ ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് ടി ഫയൽ തത്ക്കാലം തീർപ്പാക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറിൽ നിന്നും പുതിയ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല, എങ്കിലും 7 മൃഗാശുപത്രികൾ വെറ്ററിനറി പോളിക്ലിനിക്കുകൾ ആക്കി ഉയർത്തുന്നതിനുള്ള ശുപാർശയിൽ വെറ്ററിനറി ഡിസ്പെൻസറി, കടുത്തുരുത്തിയും ഉൾപ്പെട്ടിട്ടുണ്ട്. ടി ഫയലിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ